## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5967 — 10.07.2012 ൽ മറുപടിക്ക്

### എന്റെ ഗ്രാമം പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) അക്ഷയ പ്രൊജക്ട് വഴി നടപ്പാക്കുന്ന എന്റെ ഗ്രാമം പദ്ധതി ഇപ്പോൾ എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) 119 ഗ്രാമ പഞ്ചായത്തുകളിലും രണ്ട് ജില്ലാ പഞ്ചായത്തുകളിലും എന്റെ ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) എന്റെ ഗ്രാമം പദ്ധതിയിൽ എന്തെല്ലാം വിവരങ്ങളാണ് വെബ്സൈറ്റ് മുഖേന ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ ; | (ബി) ഓരോ ഗ്രാമ പഞ്ചായത്തിന്റേയും അടിസ്ഥാന വിവരങ്ങളാണ് എന്റെ ഗ്രാമം വെബ്സൈറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പഞ്ചായത്തുകളുടെ ചരിത്രം, ഭൂപ്രകൃതി, ഭരണ സമിതി, കുടുംബശ്രീ വിശദ വിവരങ്ങൾ, പദ്ധതികളും പ്രവർത്തനങ്ങളും , പഞ്ചായത്തിലെ പ്രമുഖ സ്ഥാപനങ്ങൾ, ആരോഗ്യ സംബന്ധമായി പഞ്ചായത്തിനെ സംബന്ധിച്ചുള്ള വിവരങ്ങൾ, ആരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, |

വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ , കാർഷിക മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങൾ, പാടശേഖര സമിതി പോലെ കൃഷിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സമിതികളുടെ പ്രവർത്തന വിവരങ്ങൾ, വിനോദ സഞ്ചാരപ്രദമായ സ്ഥലങ്ങളുടെ വിശദ വിവരങ്ങൾ അനുബന്ധ സ്ഥാപനങ്ങൾ, കലാ സാംസ്കാരിക രംഗവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, പഞ്ചായത്തിലെ കലാകാരൻമാർ, സാംസ്കാരിക പ്രവർത്തകർ, മറ്റ് പ്രമുഖ വ്യക്തികൾ എന്നിവരെക്കുറിച്ചുള്ള വിവരങ്ങൾ, ലേഖനങ്ങൾ, സാഹിത്യ സൃഷ്ടികൾ, ചെറുകിട വ്യവസായം,സ്ഥാപനങ്ങൾ, തുടങ്ങിയ വിവരങ്ങൾ വെബ്സൈറ്റ് മുഖേന ലഭ്യമാകുന്നുണ്ട് കൂടാതെ ദൈനംദിന അപ്ഡേഷനായി ഫണ്ട് അനുവദിച്ചിട്ടുള്ള പഞ്ചായത്തുകളിൽ പഞ്ചായത്ത് പ്രവർത്തനങ്ങൾ, അറിയിപ്പുകൾ, ഗുണഭോക്തൃ ലിസ്റ്റുകൾ, നോട്ടിഫിക്കേഷനുകൾ , ടെണ്ടറുകൾ, ചിത്രസഹിതമുള്ള വാർത്തകൾ എന്നിവ പ്രസിദ്ധീകരിക്കുന്നുണ്ട്. പഞ്ചായത്തിന്റെ ഒരുവാർത്താ മാധ്യമം പോലെ 'എന്റെ ഗ്രാമം' വെബ്സൈറ്റ് പ്രവർത്തിക്കുന്നു.

| | |
|---|---|
| (സി) എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് പ്രസ്തുത പദ്ധതി മുഖേന ലഭ്യമാകുന്നത് എന്ന് വിശദമാക്കാമോ ? | (സി) പ്രസ്തുത പദ്ധതി വഴി പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ അഡ്രസ്സ്, ഫോൺ നമ്പർ, സഹിതം ലഭ്യമാണ്. പഞ്ചായത്തുകളിലെ ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലൂടെ പഞ്ചായത്ത് ഓഫീസിൽ പോകാതെതന്നെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന വിവരം പൊതുജനങ്ങൾക്ക് അറിയാൻ സാധിക്കുന്നുണ്ട്. പഞ്ചായത്തിലെ ടെൻഡറുകൾ സംബന്ധിച്ച വിവരങ്ങൾ ഇതിലൂടെ ലഭ്യമാണ്. കൂടാതെ പഞ്ചായത്തുകളിലെ പ്രധാന സംഭവങ്ങൾ വാർത്തകളും ചിത്രങ്ങളും ഉൾപ്പെടെ ലഭിക്കുന്നു. തൊഴിലവസരങ്ങൾ, പി.എസ്.സി കോഴ്സുകൾ/ പരീക്ഷകൾ സംബന്ധിച്ച വിവരവും ലഭിക്കുന്നു. അതിലുപരിയായി സാഹിത്യ സൃഷ്ടികളും മറ്റും പ്രസിദ്ധീകരിക്കുന്നതിനും ജനങ്ങൾക്ക് പഞ്ചായത്തുമായി സംവദിക്കുന്നതിനും ഈ പദ്ധതി വഴി അവസരം ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ